VC/17489/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 12.04.2022

**സർക്കുലർ**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -വിജിലൻസ് സെൽ - ബയോമെട്രിക് പഞ്ചിങ് സംവിധാനം പുനഃസ്ഥാപിക്കുന്നത് -സംബന്ധിച്ച്

സൂചന :- സ .ഉ (സാധാ) നം. 1526/2022/GAD തീയതി : 11/ 04/ 2022

*************

കോവിഡ് മഹാമാരിയുടെ വ്യാപനത്തോത് കുറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ , അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും ബയോമെട്രിക് പഞ്ചിങ് സംവിധാനം അടിയന്തിരമായി പുനഃസ്ഥാപിച്ചുകൊണ്ട് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിന്റെ നിയന്ത്രണാധികാരത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും ബയോമെട്രിക് പഞ്ചിങ് സംവിധാനം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നത് അടിയന്തിരമായി പുനഃസ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ 18.04.2022 മുതൽ കൃത്യസമയങ്ങളിൽ ജീവനക്കാർ ബയോമെട്രിക് പഞ്ചിങ് സംവിധാനം ഉപയോഗിച്ച് ഹാജർ രേഖപെടുത്തേണ്ടതും കൃത്യസമയത്ത് ജീവനക്കാർ പഞ്ചിങ് ചെയ്യുന്നുണ്ടെന്നും സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതും ആയതിലേക്കുള്ള നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകേണ്ടതുമാണ്. വകുപ്പിന്റെ ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിൽ ബയോമെട്രിക് വിവരങ്ങൾ ലഭ്യമാകാത്ത ജീവനക്കാർ അടിയന്തിരമായി ബയോമെട്രിക് വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി ബന്ധപ്പെട്ട നോഡൽ ഓഫീസർ / കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ സിസ്റ്റം മാനേജർ -നെ സമീപിക്കേണ്ടതാണ്.

ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പിലാക്കാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം , ബന്ധപ്പെട്ട സ്ഥാപനത്തിലെ കോൺട്രോളിങ് ഓഫീസർമാരുടെ ഗുരുതര വീഴ്ചയായി കണക്കാക്കുന്നതാണ്.

Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 12.04.2022
Reason: Approved

*ഒപ്പ്/-*
**സജിത്ത് കെ.ഐ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ആസ്ഥാന കാര്യാലയത്തിലെ എല്ലാ കോൺട്രോളിങ്

ഓഫീസർമാർക്കും/സൂപ്രണ്ടുമാർക്കും
3. സി.എ ടു ഡയറക്ടർ/അഡീഷണൽ ഡയറക്ടർ / ഡെപ്യൂട്ടി ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. കരുതൽ ഫയൽ / നടപ്പ് ഫയൽ